പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1434 **16-10-2026-ൽ മറുപടിയ്ക്ക്**

കൃഷി വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് മുഖേന വിവിധ ഇനത്തിലായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ)
സംസ്ഥാനാവിഷ്കൃത പദ്ധതികൾ (കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഉൾപ്പടെ)	58519.00
കേന്ദ്രാവിഷ്കൃത പദ്ധതികൾ (60% share)	11721.00
പദ്ധതി ഇതര (non-plan)	126712.00
ആകെ	196952.00

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 14 സംസ്ഥാന പദ്ധതികൾക്കായി 3216 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷനിൽ 3 പുതിയ പദ്ധതികൾക്കായി RKVY 2026-27-Schemeൽ 300 ലക്ഷം രൂപയുടെയും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്കായി 330 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര രൂപയുടെ കേന്ദ്രഫണ്ടാണ് വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ?

മറുപടി: പുതിയ മന്ത്രിസഭ അധികാരമേറ്റതിനുശേഷം, കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കേന്ദ്രസർക്കാർ അനുവദിക്കുന്ന ധനസഹായം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി, കേന്ദ്രസർക്കാർ അംഗീകരിച്ച 2026-27 സാമ്പത്തിക വർഷത്തെ വാർഷിക കർമ്മ പദ്ധതിയുടെ (Annual Action Plan) നിർവഹണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പി.എം.രാഷ്ട്രീയ കൃഷി വികാസ് യോജന (PM-RKVY), കൃഷോന്നതി യോജന (KY), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാർമിംഗ് (NMNF) എന്നീ മൂന്ന് പദ്ധതികളുടെ കീഴിലായി 16 പദ്ധതി ഘടകങ്ങളിലായി ആകെ ₹517.30 കോടി രൂപയുടെ (കേന്ദ്രവിഹിതം ₹311.50 കോടി സംസ്ഥാനവിഹിതം 205.80 കോടി) വാർഷിക കർമ്മ പദ്ധതിയിൽ, ഈ വർഷം നടപ്പിലാക്കുന്നതിനായി ആകെ 516.67 കോടി രൂപ (കേന്ദ്ര വിഹിതം -311.12 കോടി +സംസ്ഥാന വിഹിതം -205.54 കോടി) വകയിരുത്തിയിട്ടുണ്ട്.

1. പി.എം.രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികൾ

PM-RKVY വിഭാഗത്തിൽ ഉൾപ്പെട്ട RKVY- ഡി. പി. ആർ., പെർ ഡ്രോപ്പ് മോർ ക്രോപ് (PDMC), സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM), സബ് മിഷൻ ഓൺ അഗ്രോഫോറസ്ട്രി (SMAF), സോയിൽ ഹെൽത്ത് ആൻഡ് ഫെർട്ടിലിറ്റി (SH&F), ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP) തുടങ്ങിയ ഘടകങ്ങൾക്കായി സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിയുടെ ആകെ അടങ്കൽ 317.39 കോടിയാണ്. ഇതിൽ കേന്ദ്രവിഹിതം 190.44 കോടിയും സംസ്ഥാനവിഹിതം ₹126.96 കോടിയുമാണ്.

ഈ വിഭാഗത്തിലെ അനുവദിച്ച തുക കേന്ദ്രവിഹിതം ₹190.05 കോടിയും സംസ്ഥാനവിഹിതം 126.70 കോടിയും ഉൾപ്പെടെ ആകെ 316.75 കോടിയാണ്.

2. കൃഷോന്നതി യോജന പദ്ധതികൾ

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), നാഷണൽ ബാംബൂ മിഷൻ (NBM), ഡിജിറ്റൽ അഗ്രികൾച്ചർ മിഷൻ, സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ(SMAE), നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് - ഓയിൽ പാം & ഓയിൽ സീഡ്സ്, മിഷൻ ഫോർ ആത്മനിർനിർഭരത ഇൻ പൾസ്, നാഷണൽ ഫുഡ് സെക്യൂരിറ്റി ആൻഡ് ന്യൂട്രിഷൻ മിഷൻ, സീഡ്സ് തുടങ്ങിയ പദ്ധതികൾക്കായി സമർപ്പിച്ച വാർഷിക പ്രവർത്തന പദ്ധതിയുടെ ആകെ അടങ്കൽ ₹191.20 കോടിയാണ്. ഇതിൽ കേന്ദ്രവിഹിതം ₹115.84 കോടിയും സംസ്ഥാനവിഹിതം ₹75.36 കോടിയുമാണ്.

ഈ വിഭാഗത്തിലെ അനുവദിച്ച തുക കേന്ദ്രവിഹിതം ₹115.84 കോടിയും സംസ്ഥാനവിഹിതം ₹75.36 കോടിയും ഉൾപ്പെടെ ആകെ ₹191.20 കോടിയാണ്.

3. നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാർമിംഗ്

നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാർമിംഗിനായി ₹8.71 കോടി അടങ്കലുള്ള വാർഷിക പ്രവർത്തന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതം ₹5.23 കോടിയും സംസ്ഥാനവിഹിതം ₹3.49 കോടിയുമാണ്. അനുവദിച്ച ആകെ തുകയും ₹8.71 കോടിയാണ്.

കേരള സംസ്ഥാന വെയർഹൗസിംങ്ങ് കോർപ്പറേഷന് ആർ.ഐ.ഡി.എഫ്. XXXI പദ്ധതിയിൽ വിവിധ ജില്ലകളിലായി ഏഴ് പുതിയ വെയർഹൗസുകളുടെ നിർമ്മാണത്തിനായി 4492 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ